**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6738** **11-11-2021 - ൽ മറുപടിയ്ക്ക്**

**2022-ലെ ഹജ്ജ് യാത്രയ്ക്കുള്ള മുന്നൊരുക്കങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2022-ലെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2022-ലെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന മുന്നൊരുക്കങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഹജ് ഹൗസിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഹജ് ഹൗസിനു പുറമെ 32,000 Sq ft ഏരിയ ഉള്ള പുതിയ ബിൽഡിംഗ് നിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്നു. അതിനാൽ കൂടുതൽ പേർക്ക് ഒരുമിച്ച് താമസിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും ആരാധന നടത്തുന്നതിനും സൗകര്യം ഉണ്ടാവും ഈ വർഷത്തെ ഹജ് യാത്രക്ക്, മേൽ ബിൽഡിംഗ് ഉപയോഗിക്കാനാകും. |
| (സി) | ഹജ്ജ് എംബാർകേഷൻ പോയിന്റ് കരിപ്പൂരിൽ നിലനിർത്തുന്നതിന് എന്തല്ലാം നടപടികൾ സ്വീകരിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന ഹജ് കമ്മിറ്റിയുടെ ആസ്ഥാന എംബാർകേഷൻ പോയിന്റ് ആയ കരിപ്പൂർ വിമാനത്താവളത്തിൽ ഹജ് എംബാർകേഷൻ പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരുമായും കേന്ദ്ര ഹജ് കമ്മിറ്റി സി ഇ ഓ-യുമായും ബന്ധപ്പെട്ടിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷ വകുപ്പ് മന്ത്രിയുമായും വ്യോമയാന മന്ത്രിയുമായും മന്ത്രിനേരിട്ട് കണ്ട് ഇക്കാര്യം ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രിമാരുടെ സന്ദർശനാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഇവരെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റു നടപടികൾ ആലോചിക്കുന്നതിന് ഹജ് കമ്മിറ്റിയുടെ അടിയന്തിര യോഗം വിളിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2022-ലെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാന ഹജ് കമ്മിറ്റിയുടെ അനുമതിയോടെ നടത്താൻ ഉദ്ദേശിക്കുന്ന മുന്നൊരുക്കങ്ങൾ

1) **ഹജ് അപേക്ഷാ** സമർപ്പണത്തിനു അപേക്ഷകരെ സഹായിക്കുന്നു : ഹജ് 2022, അപേക്ഷ സമർപ്പിക്കുന്നതിന് 01-11-2021 മുതൽ തുടക്കമായി. സംസ്ഥാനത്ത് മുഴുവൻ ജില്ലകളിലും മേൽസന്ദേശം പത്രം വഴിയും സോഷ്യൽ മീഡിയ വഴിയും പ്രചരിപ്പിക്കുകയും, അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ആവശ്യമായ സാങ്കേതിക സഹായം സംസ്ഥാനത്തുടനീളം ലഭ്യമാക്കുകയും ചെയ്യുന്നു. ആയതിന് കേരളത്തിലെ 14 ജില്ലകളിലായി 350 സന്നദ്ധ പ്രവർത്തകരായ ഹജ്ജ് ട്രൈനെർമാരെ സജ്ജീകരിക്കുകയും അവരുടെ സേവനം ജില്ലാതലത്തിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും വിന്യസിക്കുകയും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള അപേക്ഷകർക്ക് സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യും. ട്രൈനെർമാരുടെ വിശദമായ വിവരങ്ങൾ വാർത്താ മാധ്യമങ്ങൾ മുഖേനയും സോഷ്യൽ മീഡിയ മുഖേനയും പരസ്യ പെടുത്തുകയും ചെയ്യും.

2) **ഹജ് ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കും** : ഹജ് അപേക്ഷ നടപടികൾ ഇപ്പോൾ പൂർണമായും ഓൺലൈൻ വഴിയാണ്. ആയതിനാൽ ഹജ് അപേക്ഷകർക്ക് അവരവരുടെ പ്രദേശങ്ങളിലെ അക്ഷയ/CSC മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസ് കേന്ദ്രീകരിച്ചും കോഴിക്കോട് റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ചും പ്രത്യേക ഹെൽപ്പ് ഡെസ് ക്കുകൾ ഉടനെ ആരംഭിക്കും. ഹജ് കമ്മിറ്റി ഹെൽപ് ഡെസ്ക് വഴിയും ഹജ് കമ്മിറ്റി ട്രൈനർമാർ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന ഹെൽപ്ഡെസ്ക് വഴിയും സൗജന്യമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3) **ഓൺലൈൻ അപേക്ഷ ട്രെയിനിംഗ് സംഘടിപ്പിക്കുന്നു** : ഓൺലൈൻ ഹജ് അപേക്ഷ സമർപ്പണം സുഗമമാക്കുന്നതിന്, ഹജ് ട്രൈനർമാർക്കും അക്ഷയ, CSC സംരംഭകർക്കും ഓൺലൈൻ ഹജ് അപേക്ഷ സംബന്ധമായ ട്രെയിനിങ് ഹജ് കമ്മിറ്റി സംഘടിപ്പിക്കുന്നതാണ്.

4) **ഓൺലൈൻ അപേക്ഷ സൂക്ഷ്മ പരിശോധന നടത്തും** : ഓൺലൈൻ അപേക്ഷ സമർപ്പണ സമയം അവസാനിക്കുന്ന മുറക്ക്, ഓൺലൈൻ വഴി ലഭിച്ച ഓരോ അപേക്ഷയും അവരുടെ രേഖകൾ വെച്ച് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ആവശ്യമായ രേഖകൾ അപ് ലോഡ് ചെയ്യിപ്പിച്ച് അപേക്ഷാ ഫോം സൂക്ഷ്മമായി പരിശോധന നടത്തി ബോംബെ ഓഫീസിലേക്ക് തുടർ നടപടിക്കായി സമർപ്പിക്കുന്നു.

5) **ലഭിച്ച അപേക്ഷയിൽ നിന്ന് ഹജ് തീർത്ഥാടകരെ തിരഞ്ഞെടുക്കുന്നു** : സൂക്ഷ്മപരിശോധന പൂർത്തിയാക്കിയ കുറ്റമറ്റ അപേക്ഷകളിൽ നിന്ന് നറുക്കെടുപ്പിലൂടെ

ഓരോ വർഷത്തെയും തീർത്ഥാടകരെ തിരഞ്ഞെടുക്കുകയും ശേഷിക്കുന്ന അപേക്ഷകരിൽ നിന്ന് വീണ്ടും നറുക്കെടുത്ത് വെയ്റ്റിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്. തിരഞ്ഞെടുത്ത തീർത്ഥാടകരുടെയും വെയ്റ്റിംഗ് ലിസ്റ്റ് തീർത്ഥാടകരുടെയും വിവരങ്ങൾ വാർത്താമാധ്യമങ്ങൾ, സോഷ്യൽ മീഡിയ, വ്യക്തികത മെസ്സേജ്(sms) എന്നിവ വഴി തീർത്ഥാടകരെ അറിയിക്കുകയും ചെയ്യുന്നു

6) **ഒറിജിനൽ രേഖകൾ സ്വീകരിക്കൽ:** കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസ്, കോഴിക്കോട് റീജിയണൽ ഓഫീസ് എന്നിവക്ക് പുറമേ കണ്ണൂർ , എറണാകുളം എന്നിവിടങ്ങളിൽ ഹജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ നിശ്ചിത ദിവസം ക്യാമ്പ് ചെയ്ത് രേഖകൾ സ്വീകരിക്കുന്നു.

7) **ഒറിജിനൽ രേഖകൾ കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിൽ എത്തിക്കുന്നു:** തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടകരിൽ നിന്ന് ലഭിച്ച പാസ്സ്പോർട്ടുകൾ അവരുടെ രജിസ്ട്രേഷൻ നമ്പർ (കവർ നമ്പർ) അടിസ്ഥാനത്തിൽ ക്രമീകരിച്ച് മുംബൈയിലുള്ള കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിലേക്ക് എത്തിക്കുകയും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിലെത്തി ആയത് എണ്ണിത്തിട്ടപ്പെടുത്തി കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിന് കൈമാറുന്നു.

8) **ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കും :** തിരഞ്ഞെടുക്കപ്പെടുന്ന തീർത്ഥാടകർക്ക് അവരവരുടെ പ്രദേശങ്ങളിൽ 3-ഘട്ടങ്ങളിലായി ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കും. ആയതിന്റെ സാമ്പത്തിക ചെലവ് സംസ്ഥാന ഹജ് കമ്മിറ്റി വഹിക്കും.

9) **ട്രെയിനിങ് ഫാക്വൽറ്റികളെ തയ്യാറാക്കും :** ട്രെയിനിങ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യക ഫാക്കൽറ്റികളെ ഹജ് കമ്മിറ്റി ട്രെയിനിങ് നൽകി സജ്ജമാക്കും, ഏകീകൃത രൂപത്തിലുള്ള ക്ലാസ് എല്ലാവർക്കും ലഭ്യമാക്കാൻ ഇത് ഉപകരിക്കുന്നു.

10) **ഹജ്ജ് വളണ്ടിയർമാരെ തെരെഞ്ഞടുക്കൽ** : ഹാജിമാരെ ഹജ് ക്യാമ്പിൽ നിന്നും അനുഗമിച്ച്, വിമാനത്താവളം, വിമാനം, ജിദ്ദ എയർപോർട്ട്, ലഗേജ് കളക്ഷൻ, മക്കയിലെ/മദീനയിലെ താമസസ്ഥലം, ആദ്യ ഉംറ, മിന, അറഫ, മുസ് ദലിഫ, ത്വവാഫ് തുടങ്ങി, ഹജ് കർമ്മം പൂർത്തിയാക്കി വീട്ടിൽ തിരിച്ചെത്തുന്നത് വരെ ആവശ്യമായ സഹായം ചെയ്യുന്നതിന് വേണ്ടി നിശ്ചിത യോഗ്യതയുള്ള സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഹജ്ജ് വളണ്ടിയർമാരായി തെരെഞ്ഞെടുക്കുന്നു.

11) **പ്രതിരോധ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കൽ** :
WHO നിർദേശപ്രകാരമുള്ള നിർബന്ധമായ മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ വാക്സിനേഷൻ എന്നിവ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ യാത്രയ്ക്ക് മുമ്പായി മുഴുവൻ യാത്രക്കാർക്കും അതാത് താലൂക്ക് ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നു. ഈ വർഷം മുതൽ കോവിഡ്-19 പ്രതിരോധ

കുത്തിവെപ്പ്, RTPCR ടെസ്റ്റ് എന്നിവകൂടി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ആവശ്യമായിവരും.

12) **ഹജ് ക്യാമ്പ് സംഘടിപ്പിക്കൽ :**

കേരളം, മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത്, യാത്രാ നടപടികൾ പൂർത്തീകരിച്ച തീർത്ഥാടകരെ ഒരു ദിവസം മുമ്പ് ഹജ് ക്യാമ്പിൽ താമസിപ്പിച്ച് അവസാന ഘട്ട നിർദേശങ്ങൾ നൽകി, ഇഹ്റാം ചെയ്യിപ്പിക്കൽ ഉൾപ്പടെ യാത്രക്ക് മുമ്പുള്ള എല്ലാ തയ്യാറെടുപ്പുകളും ഉറപ്പാക്കി, ഹാജിമാരെ അനുഗമിക്കുന്ന ഹജ് വളണ്ടീയർമാരുടെ നേതൃത്വത്തിൽ പ്രത്യേക വാഹനത്തിൽ എയർപോർട്ടിലേക്ക് എത്തിച്ച് ഇമ്മിഗ്രേഷൻ ഉൾപ്പടെയുള്ള എയർപോർട്ടിലെ നടപടികൾ പൂർത്തീകരിച്ച് വിമാനത്തിലേക്ക് എത്തിക്കുന്നു.

13) **സർക്കാർ ഹജ് സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു:**

വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ഹജ് ക്യാമ്പ് കാലയളവിലേക്ക് മാത്രമായി വർക്കിംഗ് അറേഞ്ച്മെൻറ് മുഖേന സർക്കാർ നിയോഗിക്കുന്നവരാണ് ഹജ് സെൽ അംഗങ്ങൾ. ഹജ് യാത്രക്കായി, ഹജ് ക്യാമ്പിൽ റിപ്പോർട്ട് ചെയ്ത ഹജ് തീർത്ഥാടകർക്ക് യാത്രാ രേഖകളും, പ്രത്യേക തിരിച്ചറിയൽ കാർഡുകളും, യാത്രയിൽ ചിലവാക്കുന്നതിനുള്ള സൗദിറിയാൽ ഉൾപ്പടെയുള്ള പ്രധാന രേഖകൾ ക്യാമ്പിൽ വെച്ച് ഹജ് സെൽ ജീവനക്കാർ ഹാജിമാർക്ക് കൈമാറുന്നു. ഹജ് തീർത്ഥാടകർക്ക് യാത്രയുടെ അവസാന ഘട്ട നിർദേശങ്ങൾ നൽകി എയർപോർട്ടിലേക്ക് അനുഗമിക്കുന്നത് ഹജ് സെൽ ജീവനക്കാരാണ്. ഹജ് യാത്ര അവസാനിച്ച് തിരിച്ച് വരുന്ന തീർത്ഥാടകരെ എയർപോർട്ടിൽ സഹായിക്കുന്നതിനും പ്രത്യേക ഹജ് സെൽ അംഗങ്ങളെ സർക്കാർ നിയോഗിക്കാറുണ്ട്. തിരിച്ച് വരുന്ന ഹാജിമാർക്ക് എയർപോർട്ടിൽ നിന്നും ലഗേജ്, സംസം ഉൾപ്പടെയുള്ളവ ക്രമീകരിച്ച് ഓരോ തീർത്ഥാടകനെയും എയർപോർട്ടിന്റെ പുറത്തെത്തിച്ച് ബന്ധുക്കളോടൊപ്പം യാത്രയാക്കുന്നു.

14) ഹജ് കഴിഞ്ഞു മടങ്ങിവരുന്ന തീർത്ഥാടകരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കി പോസിറ്റീവ് ആകുന്നവരെ ഇന്സ്റ്റിട്യൂഷനൽ ക്വാറന്റൈൻ/ ഹോം ക്വാറന്റൈൻ ചെയ്യുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തും.

**സെക്ഷൻ ഓഫീസർ**